## ബൈബിൾ - ഖുർആൻ: ഒരു താരതമ്യപഠനം-10

# ഇബ്‌ലീസ് എന്ന സാത്താൻ

● ഇ.സി സൈമൺ മാസ്റ്റർ

**ആദ്യമനുഷ്യനായ** ആദമിനെ കളിമണ്ണു കൊണ്ടു സൃഷ്ടിച്ച ശേഷം അവനെ പ്രണമിക്കുന്നതിന് അല്ലാഹു എല്ലാ മാലാഖമാരോടും ആവശ്യപ്പെട്ടെന്നും എല്ലാവരും അതിനുവഴങ്ങി ആദമിനെ പ്രണമിച്ചെങ്കിലും ഇബ്‌ലീസ് മാത്രം അപ്രകാരം ചെയ്യാതെ അല്ലാഹുവിനെ ധിക്കരിച്ചെന്നും ഖുർആൻ പറയുന്നു. അല്ലാഹുവിനെ ധിക്കരിക്കാൻ ഇബ്‌ലീസ് പറഞ്ഞ കാരണങ്ങളും ഖുർആൻ രേഖപ്പെടുത്തിയിട്ടുണ്ട്. മനുഷ്യരെ സംബന്ധിച്ച് അതിപ്രധാനമായ ഈ സംഭവത്തെപ്പറ്റി ബൈബിളിൽ യാതൊരു വിവരണവും കാണുന്നില്ല. ഖുർആനിൽ അതിനെക്കുറിച്ചുള്ള വിവരണം ഇങ്ങനെ:

"നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം: നിശ്ചയമായും മുട്ടിയാൽ മുഴങ്ങുന്ന, ഗന്ധമുള്ള, കറുത്ത കളിമണ്ണിൽനിന്ന് നാം മനുഷ്യനെ സൃഷ്ടിക്കാൻ പോവുകയാണ്.

അങ്ങനെ ഞാനവനെ രൂപപ്പെടുത്തുകയും എന്റെ ആത്മാവിൽനിന്ന് അവനിലൂതുകയും ചെയ്താൽ നിങ്ങളെല്ലാവരും അവന് പ്രണാമമർപ്പിക്കുന്നവരായിത്തീരണം.

അങ്ങനെ മലക്കുകളൊക്കെ പ്രണമിച്ചു.

ഇബ്‌ലീസൊഴികെ. പ്രണാമമർപ്പിക്കുന്നവരോടൊപ്പം ചേരാൻ അവൻ വിസമ്മതിച്ചു.

അല്ലാഹു ചോദിച്ചു: പ്രണാമം ചെയ്തവരോടൊപ്പം ചേരാതിരിക്കാൻ നിന്നെ പ്രേരിപ്പിച്ചതെന്ത്?

ഇബ്‌ലീസ് പറഞ്ഞു: 'മുട്ടിയാൽ മുഴങ്ങുന്ന, ഗന്ധമുള്ള കറുത്ത കളിമണ്ണിൽനിന്ന് നീ സൃഷ്ടിച്ച മനുഷ്യനെ പ്രണമിക്കേണ്ടവനല്ല ഞാൻ.'

അല്ലാഹു കൽപിച്ചു: 'എങ്കിൽ നീ ഇവിടെനിന്നിറങ്ങിപ്പോവുക. നീ ഭ്രഷ്ടനാണ്. ന്യായവിധിയുടെ നാൾവരെ നിനക്കു ശാപമുണ്ടായിരിക്കും.'

അവൻ പറഞ്ഞു: 'എന്റെ നാഥാ, അവർ ഉയിർത്തെഴുന്നേൽക്കുന്ന നാൾവരെ എനിക്ക് അവധി തന്നാലും.'

അല്ലാഹു അറിയിച്ചു: 'നിനക്ക് അവസരം തന്നിരിക്കുന്നു. നിശ്ചിതസമയം വന്നെത്തുന്ന ദിനം വരെ.'

അവൻ പറഞ്ഞു: 'എന്റെ നാഥാ, നീ എന്നെ വഴികേടിലാക്കി. അതേപോലെ ഭൂമിയിൽ ഞാനവർക്ക് ചീത്ത വൃത്തികൾ ചേതോഹരമായി തോന്നിപ്പിക്കും. അവരെയൊക്കെ ദുർമാർഗത്തിലാക്കുകയും ചെയ്യും; തീർച്ച. അവരിലെ നിന്റെ ആത്മാർഥതയുള്ള ദാസന്മാരൊഴികെ.'

അല്ലാഹു പറഞ്ഞു: ഇതാണ് എന്നിലേക്കെത്താനുള്ള നേർവഴി. എന്റെ അടിമകളുടെ മേൽ നിനക്കൊരു സ്വാധീനവുമില്ല. നിന്നെ പിന്തുടർന്ന വഴിപിഴച്ചവരിലൊഴികെ.

തീർച്ചയായും നരകമാണ് അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട ഇടം" (15:28-43).

പാമ്പിന്റെ രൂപത്തിൽ വേഷം മാറി വന്ന സാത്താൻ ആദമിന്റെ ഭാര്യയായ ഹവ്വയെ കൂടി സ്വാധീനിച്ച് പഴം ഭക്ഷിപ്പിക്കുന്നതും പിന്നീട് അവൾ വഴി ആദമും ആ കെണിയിൽ വീണുപോയതുമായ കഥ ബൈബിൾ വിവരിക്കുന്നുണ്ടെങ്കിലും വിലക്കപ്പെട്ട മരത്തിന്റെ പഴം തിന്നാൻ പ്രേരിപ്പിച്ച് മനുഷ്യനെ തന്ത്രപൂർവം ദൈവകോപത്തിനു വിധേയനാക്കിയ പിശാചിന് മനുഷ്യനോട് ശത്രുത തോന്നാനും അവനെ വഴിപിഴപ്പിക്കാനും കാരണമെന്തായിരുന്നു എന്ന് പ്രസ്താവിക്കുന്നില്ല.

കളിമണ്ണിൽനിന്ന് ആദമിനെ സൃഷ്ടിച്ചശേഷം അവനെ പ്രണമിക്കുന്ന മനുഷ്യനോടുള്ള ഇബ്‌ലീസിന്റെ ശത്രുതയെപ്പറ്റി അല്ലാഹു ആദമിന് ഇങ്ങനെ മുന്നറിയിപ്പ് നൽകിയിരുന്നു:

"നാം മലക്കുകളോട് പറഞ്ഞതോർക്കുക: നിങ്ങൾ ആദമിന് സാഷ്ടാംഗം പ്രണമിക്കുക. അപ്പോൾ അവരെല്ലാം പ്രണമിച്ചു; ഇബ്‌ലീസൊഴികെ. അവൻ വിസമ്മതിച്ചു.

അപ്പോൾ നാം പറഞ്ഞു: ആദമേ, തീർച്ചയായും അവൻ നിന്റെയും നിന്റെ ഇണയുടെയും ശത്രുവാണ്. അതിനാൽ അവൻ നിങ്ങളിരുവരെയും സ്വർഗത്തിൽനിന്ന് പുറത്താക്കാൻ ഇടവരാതിരിക്കട്ടെ. അങ്ങനെ സംഭവിച്ചാൽ നീ ഏറെ നിർഭാഗ്യവാനായിത്തീരും" (20:116,117).

അതിമഹത്തായ സ്വർഗത്തിൽനിന്നും ദൈവസന്നിധിയിൽനിന്നും അല്ലാഹു ഇബ്‌ലീസെന്ന സാത്താനെ പുറംതള്ളുകയായിരുന്നല്ലോ. അങ്ങനെ പുറംതള്ളപ്പെടുന്നതിന് പിശാചിന്റെ ദൃഷ്ടിയിൽ മനുഷ്യനായിരുന്നു കാരണക്കാരൻ. അവന്റെ മനുഷ്യവൈരത്തിന് ഹേതുവും അതുതന്നെ.

സാത്താന്റെ വഞ്ചനയിലകപ്പെടുക മൂലം ആദമിനും ഭാര്യക്കുമുണ്ടായ ദുരന്തത്തിൽനിന്ന് എങ്ങനെ മോചനം നേടാമെന്നും ഖുർആൻ മനുഷ്യവർഗത്തെ ഉണർത്തുന്നതായി കാണാം:

"സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ താഴ്ഭാഗത്തുകൂടെ ആറുകളൊഴുകുന്ന ആരാമങ്ങളിൽ നാം പ്രവേശിപ്പിക്കും. അവരതിൽ സ്ഥിരവാസികളായിരിക്കും. അല്ലാഹുവിന്റെ സത്യമായ വാഗ്ദാനമാണിത്. അല്ലാഹുവേക്കാൾ സത്യനിഷ്ഠമായി വാഗ്ദാനം നൽകുന്ന ആരുണ്ട്?

ആണായാലും പെണ്ണായാലും സത്യവിശ്വാസിയായി സൽക്കർമങ്ങൾ ചെയ്യുന്നവർ സ്വർഗത്തിൽ പ്രവേശിക്കും. അവരോടൊട്ടും അനീതിയുണ്ടാവില്ല.

സൽക്കർമമായി സ്വന്തത്തെ അല്ലാഹുവിന് സമർപ്പിക്കുകയും നേർമാർഗത്തിലുറച്ചുനിന്ന് ഇബ്റാഹീമിന്റെ പാത പിന്തുടരുകയും ചെയ്തവനേക്കാൾ ഉത്തമമായ ജീവിതരീതി സ്വീകരിച്ച ആരുണ്ട്? ഇബ്റാഹീമിനെ അല്ലാഹു തന്റെ സുഹൃത്തായി സ്വീകരിച്ചിരിക്കുന്നു" (4:122,124,125).

കൂർത്ത പല്ലുകളും നഖങ്ങളും കൊമ്പുകളും പേടിപ്പെടുത്തുന്ന കണ്ണും ബീഭത്സമായ മുഖവുമുള്ള ഒരു കറുത്ത സത്വമാണ് മിക്കവരുടെയും മനസ്സിലുള്ള സാത്താന്റെ രൂപം. മനുഷ്യരെ നരകത്തീയിലിട്ട് പൊരിക്കുന്ന അവനാണ് നരകത്തിന്റെ അധിപതി എന്നാണ് പലരുടെയും വിശ്വാസം.

എന്നാൽ, മനുഷ്യരെ അല്ലാഹുവിന്റെ നേർമാർഗത്തിൽനിന്ന് വ്യതിചലിപ്പിച്ച് നരകത്തിലാഴ്ത്താൻ ശ്രമിക്കുന്നവൻ എന്നല്ലാതെ അവന് അതിൽ ആധിപത്യമുള്ളതായി ഖുർആനിൽ പ്രസ്താവിക്കുന്നില്ല. മനുഷ്യരെ വഴിപിഴപ്പിക്കുന്ന

പിശാചുക്കളാവട്ടെ മനുഷ്യരിൽ തന്നെയുണ്ട് ധാരാളം. സ്വർഗത്തിന്റേതുപോലെ നരകത്തിന്റെയും അധിപൻ അല്ലാഹുതന്നെ. എവിടെയും അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല ആധിപത്യം. പിശാചിനെ പിന്തുടർന്ന് നേർമാർഗം വിട്ട് അവിശ്വാസിയായിത്തീർന്ന മനുഷ്യരെപ്പോലെ പിശാചിനെയും നരകത്തീയിലിട്ട് അല്ലാഹു ശിക്ഷിക്കുമെന്നാണ് ഖുർആൻവചനം.

പിശാചിനെയും നരകത്തെയും പറ്റി ഖുർആൻ പറയുന്നു: "പിശാച് അവർക്ക് വാഗ്ദാനം നൽകും. അങ്ങനെ അവരെ വ്യാമോഹിപ്പിക്കും. പിശാച് അവർക്ക് നൽകുന്ന വാഗ്ദാനം കൊടും ചതിയല്ലാതൊന്നുമല്ല.

അക്കൂട്ടരുടെ താവളം നരകമാണ്. അതിൽനിന്നൊരു രക്ഷാമാർഗവും കണ്ടെത്താൻ അവർക്കാവില്ല" (4:120,121).

"പിശാചിനെപ്പോലെയാണ് ഇവർ. നീ അവിശ്വാസിയാവുക എന്ന് പിശാച് മനുഷ്യനോട് പറയും. അങ്ങനെ മനുഷ്യൻ അവിശ്വാസിയായാൽ പിശാച് പറയും: എനിക്ക് നീയുമായി ഒരു ബന്ധവുമില്ല. എനിക്ക് പ്രപഞ്ചനാഥനായ അല്ലാഹുവിനെ ഭയമാണ്. ഇരുവരുടെയും പര്യവസാനം നരകത്തിൽ നിത്യവാസികളാവുക എന്നതത്രെ. അതാണ് അക്രമികൾക്കുള്ള പ്രതിഫലം" (59:16,17).

അല്ലാഹു പറഞ്ഞു: "എങ്കിൽ സത്യം ഇതാണ്. സത്യം മാത്രമേ ഞാൻ പറയുകയുള്ളൂ.

നിന്നെയും നിന്നെ പിൻപറ്റിയ മറ്റെല്ലാവരെയും കൊണ്ട് നാം നരകം നിറക്കുകതന്നെ ചെയ്യും" (38:84,85).

നരകത്തെയും ഇബ്‌ലീസ് എന്ന പിശാചിനെയും പറ്റി ധാരാളം പരാമർശങ്ങളുണ്ട് ഖുർആനിൽ പല ഭാഗത്തുമായി. എന്നാൽ ബൈബിളിൽ അത്തരം പരാമർശങ്ങൾ വളരെ കുറവേ കാണാനുള്ളൂ.

സെമിറ്റിക് ജനതകളുടെ പൂർവപിതാവായ അബ്രാഹാമിന്റെ ആദ്യപുത്രൻ ഇസ്മായേലിനും അവന്റെ മാതാവ് ഹാജറക്കും, യഹൂദരും ക്രൈസ്തവരും അർഹമായ പരിഗണന കൊടുക്കുന്നില്ല. എന്നാൽ അല്ലാഹു അവർക്ക് നൽകിയ പ്രത്യേകമായ അനുഗ്രഹങ്ങൾ ബൈബിളിൽ പ്രാധാന്യപൂർവം രേഖപ്പെടുത്തിയിട്ടുണ്ട്. ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിട്ടില്ലാത്ത ആ ഭാഗങ്ങൾ ബൈബിളിൽനിന്ന് ഇങ്ങനെ സംഗ്രഹിക്കാം:

അബ്രാഹാമിന്റെ ആദ്യഭാര്യയായ സാറാക്ക് സന്താന ഭാഗ്യം ഉണ്ടായില്ല. അന്നത്തെ നിയമമനുസരിച്ച് യജമാനത്തിസ്ത്രീക്ക് സന്തതികളുണ്ടായില്ലെങ്കിൽ അവളുടെ അടിമസ്ത്രീക്ക് ഭർത്താവിൽനിന്ന് മക്കളുണ്ടാവുകയാണെങ്കിൽ അവരെ സ്വന്തം കുട്ടികളായി പരിഗണിക്കുമായിരുന്നു. അതനുസരിച്ച് തനിക്കൊരു സന്താനമുണ്ടായെങ്കിലോ എന്ന പ്രതീക്ഷയോടെ സാറ തന്റെ ദാസി ഹാജറയെ അബ്രാഹാമിനു നൽകി. അവൾ ഗർഭിണിയായി. എന്നാൽ പിന്നീടങ്ങോട്ട് രണ്ട് ഭാര്യമാരും തമ്മിലുള്ള ബന്ധം മോശമാവുകയും സാറായുടെ ക്രൂരമായ പെരുമാറ്റം സഹിക്കാനാവാതെ ഹാജറ വീടുവിട്ടോടുകയും ചെയ്തു.

വഴിയിൽ മരുഭൂമിയിലെ ഒരു അരുവിക്കരികിൽ വെച്ച് അവളെ കണ്ട ദൈവത്തിന്റെ മാലാഖ ചോദിച്ചു: 'സാറായുടെ ദാസി ഹാജറാ, നീ എവിടെ നിന്നു വരുന്നു; എങ്ങോട്ടു പോകുന്നു?'

അവൾ പറഞ്ഞു: 'ഞാൻ എന്റെ യജമാനത്തിയിൽനിന്ന് ഓടിപ്പോകുന്നു.' മാലാഖ പറഞ്ഞു: 'മടങ്ങിപ്പോയി അവളുടെ അടിമയായിരിക്കുക. നിനക്ക് ധാരാളം സന്തതികളുണ്ടായിരിക്കും. എണ്ണിയാൽ തീരാത്ത വിധം അത്രയധികമായി നിന്റെ സന്തതിപരമ്പരയെ ദൈവം വർധിപ്പിക്കും. നിനക്ക് ഒരു മകൻ ഉണ്ടാവാൻ പോകയാണ്. അവന് ഇസ്മായേൽ എന്നു പേരിടണം. എന്തുകൊണ്ടെന്നാൽ നിന്റെ സങ്കടത്തിന്റെ കരച്ചിൽ ദൈവം കേട്ടിരിക്കുന്നു. നിന്റെ മകൻ ഒരു കാട്ടുകഴുതയെപ്പോലെ ജീവിക്കും. അവൻ എല്ലാവർക്കും എതിരായിരിക്കും. എല്ലാവരും അവനും എതിരായിരിക്കും. അവന്റെ കൈ എല്ലാവർക്കുമെതിരായും എല്ലാവരുടെയും കൈ അവനെതിരായും ഉയരും. സ്വന്തക്കാർ എല്ലാവരിൽനിന്നും അകന്നായിരിക്കും അവന്റെ ജീവിതം' (ഉൽപത്തി 16:1-12).

ഹാജറായുടെ മകൻ ഒരു കാട്ടുകഴുതയെപ്പോലെയായിരിക്കും എന്ന പ്രയോഗം ഇസ്മായേലിനെയും അറബികളെയും പരിഹസിക്കാനായി യഹൂദരും ക്രൈസ്തവരും ഉപയോഗിച്ചുവരുന്നതായി കാണുന്നുണ്ട്. എന്നാൽ ഇസ്മായേലിനെ ആക്ഷേപിക്കാനോ മറ്റുള്ളവരുടെ മുമ്പിൽ പരിഹാസപാത്രമായിത്തീരാനോ ഉദ്ദേശിച്ചല്ല ദൈവം കൊടുത്ത അനുഗ്രഹവചനങ്ങളിൽ അങ്ങനെ ഒരു പദം ഉപയോഗിക്കപ്പെട്ടത് എന്നതാണ് വാസ്തവം. ഇസ്മായേലിനെ തരംതാഴ്ത്തി കാണിക്കാനാഗ്രഹിക്കുന്നവർ അങ്ങനെ ഒരു വ്യാഖ്യാനം അതിൽ കണ്ടെത്തി എന്നേയുള്ളൂ.

എൺപത്തിയാറു വയസ്സുവരെ സന്താനമില്ലാതിരുന്ന അബ്രാഹാമിന് അദ്ദേഹം ചെയ്ത സൽക്കർമങ്ങളുടെയും പ്രാർഥനകളുടെയും കഠിന പരീക്ഷണങ്ങളിൽ നേടിയ വിജയങ്ങളുടെയും ഫലമായി വാർധക്യകാലത്ത് അല്ലാഹുവിൽനിന്ന് ലഭിച്ചതായിരുന്നു കൺകുളിർമയായ ഒരു സൽപുത്രൻ ജനിക്കുമെന്ന വാഗ്ദാനം. അല്ലാഹു തന്റെ പ്രിയദാസന് ഒരു സദ്സന്താനത്തെ നൽകുകയല്ലാതെ യഹൂദ-ക്രൈസ്തവർ പറയുന്നപോലെ ഒന്നിനും കൊള്ളാത്ത ഒരു 'കാട്ടുകഴുത'യെ അനുഗ്രഹമായി നൽകിയെന്നു പറയുമ്പോൾ ഫലത്തിൽ അവർ ആക്ഷേപിക്കുന്നത് ഇസ്മായേലിനെയോ അബ്രാഹാമിനെയോ ഹാജറായെയോ അല്ല, പരമകാരുണികനായ അല്ലാഹുവിനെത്തന്നെയാണ് എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ശിക്ഷാർഹമായ ദൈവനിന്ദയാണ് അതെന്ന കാര്യത്തിലുമില്ല സംശയം.

വളർന്നു വലുതാകാനുള്ള ഇസ്മായേലിന്റെ ഉത്സാഹം, കരുത്ത്, എന്തും സഹിക്കാനും പരാജയഭീതിയില്ലാതെ ആരെയും നേരിടാനുമുള്ള ശക്തി, ധൈര്യം, ആരോടും എന്നും എല്ലാ കാലത്തും ഒപ്പത്തിനൊപ്പം ചെറുത്തുനിൽക്കാനും തിരിച്ചടിക്കാനുമുള്ള അസാമാന്യ കഴിവ് മുതലായ ഗുണവിശേഷങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ളതായിരുന്നു പ്രസ്തുത വാക്യങ്ങൾ എന്ന് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

ബൈബിളിൽതന്നെ പിന്നീട് ഇസ്ഹാഖിന്റെ മകൻ യാക്കോബ് അദ്ദേഹത്തിന്റെ മകനായ ജോസഫിനെ (യഅ്ഖൂബ് നബിയുടെ മകൻ യൂസുഫ് നബി) സൂചിപ്പിച്ചും ഇതുപോലെ 'കാട്ടുകഴുത' പ്രയോഗം നടത്തിയിട്ടുള്ളതായി കാണാം (ഉൽപത്തി 49:22-26).

അങ്ങനെ ഹാജറായിൽനിന്ന് അബ്രാഹാമിന് ഒരു മകനുണ്ടായി. അവന് ഇസ്മയേൽ എന്ന് പേരിട്ടു. അന്ന് എൺപത്താറു വയസ്സായിരുന്നു അബ്രാഹാമിന് പ്രായം (ഉൽപത്തി 16:15,16).

(തുടരും)